# CLASS NOTES-ANSWERS

## അർത്ഥം എഴുതുക:

വിത്തം - ധനം

മർത്യൻ - മനുഷ്യൻ

അടർ - യുദ്ധം

അജ്ഞൻ - അറിവില്ലാത്തവൻ

ധാർഷ്ട്യം - അഹങ്കാരം

മഹിഷം - പോത്ത്

അംശുമാൻ - സൂര്യൻ

അന്നം - ആഹാരം

വിശ്വംഭര - ഭൂമി

മോദം - സന്തോഷം

ആജീവനാന്തം - ജനനം മുതൽ മരണം വരെ

ചോരൻ - കള്ളൻ

THE GARDEN SCHOOL
Anakkal P.O ,Kanjirappally 686 508

## വിപരീതപദം:

അജ്ഞാനം x ജ്ഞാനം

കൊടുക്കുക x വാങ്ങുക

അവിദ്യ x വിദ്യ

അസ്തമിക്കുക x ഉദിക്കുക

## നാനാർത്ഥം:

മനുഷ്യൻ - മർത്യൻ , നരൻ

യുദ്ധം - അടർ, രണം

അംശുമാൻ - സൂര്യൻ, പവി

**ഉത്തരമെഴുതുക:**

(1) വിദ്യതന്നെ മഹാധനം എന്നു പറയുന്നത് എന്തുകൊണ്ട്?

ഉത്തരം: മറ്റുധനങ്ങൾ കള്ളന്മാർക്ക് മോഷ്ടിക്കാൻ കഴിയും. നമ്മുടെ കൈവശമുള്ള വിദ്യ ആകുന്ന ധനത്തെ കള്ളന്മാർക്ക് മോഷ്ടിക്കാൻ കഴിയുകയില്ല. വിദ്യ അന്യർക്ക് പകർന്നുനൽകുംതോറും വർദ്ധിക്കും. മരിച്ചാലും മേന്മ നൽകുന്നതായ വിദ്യ തന്നെയാണ് മഹാധനം.

(2) മനുഷ്യന്റെ കണ്ണുകൾ തുറക്കുന്നത് ആരുടെയൊക്കെ എപ്പോഴൊക്കെയുള്ള സാന്നിധ്യം കൊണ്ടാണ്?

ഉത്തരം: പ്രഭാതത്തിൽ സൂര്യൻ പതിവായി എത്തി നമ്മുടെ പൂങ്കണ്ണ് തുറപ്പിച്ച് നമ്മെ നിദ്രയിൽ നിന്ന് ഉണർത്തുന്നു. എന്നാൽ അജ്ഞാനം ആകുന്ന അന്ധകാരം അകറ്റി വിദ്യ പകർന്നു നൽകി നമ്മുടെ അകക്കണ്ണ് തുറപ്പിച്ച് നമ്മെ അറിവുള്ളവരാക്കുന്നത് ബാല്യത്തിൽ ആശാന്റെ സാന്നിധ്യം കൊണ്ടാണ്.

(3) വിദ്യയുടെ പ്രാധാന്യം കവി സമർപ്പിക്കുന്നത് ഏതൊക്കെ ഉദാഹരണങ്ങളിലൂടെ ആണ്?

ഉത്തരം: വെണ്ണ കൈവശമുണ്ടെങ്കിൽ നറുനീർ പ്രത്യേകമായി കരുതേണ്ടതില്ലല്ലോ. ആയുധം കൈവശമില്ലാത്തവന് യുദ്ധം ചെയ്യാൻ കഴിയാത്തതുപോലെ, വിദ്യയില്ലാത്ത മനുഷ്യന് ഈ ലോകജീവിതം അസാധ്യമാണെന്ന് കവി പറയുന്നു.

(4) കവി മഹിഷത്തോട് സാദൃശ്യപ്പെടുത്തുന്നത് എങ്ങനെയുള്ള മനുഷ്യരെയാണ്?

ഉത്തരം: വിദ്യയില്ലാതെ ജീവിക്കാമെന്ന് കരുതുന്ന മനുഷ്യരെയാണ് വാലും കൊമ്പും ഇല്ലാത്ത പോത്തിനോട് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

THE GARDEN SCHOOL Anakkal P.O., Kanjirappally 686508

(5) മറ്റു ധനങ്ങളിൽ നിന്ന് വിദ്യയെ വേറിട്ടു നടത്തുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

ഉത്തരം: വിദ്യയാണ് ഏറ്റവും ശ്രേഷ്ഠമായ ധനം. വിദ്യയില്ലാത്തവർക്ക് ഭൂമിയിൽ നന്നായി ജീവിക്കുവാൻ സാധ്യമല്ല. അന്നം നൽകുന്നവർ കുറച്ചുനേരം സന്തോഷം പകർന്നു നൽകുന്നു. എന്നാൽ വിദ്യ ആകട്ടെ ആജീവനാന്തം ആഹ്ലാദം പകർന്നു നൽകുന്നു. വിദ്യ കൊടുക്കുംതോറും വർദ്ധിക്കും. ഇങ്ങനെയുള്ള ഗുണങ്ങളാണ് വിദ്യയെ മറ്റുധനങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നത്.

THE GARDEN SCHOOL
Anakkal P.O ,Kanjirappally 686 508